ഉത്തരം

(എ) 662 കേസ്സുകൾ.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 168 കേസ്സുകളിൽ.

(ഡി) 42 കേസ്സുകളിൽ.

(ഇ) സി.പി.ഐ.(എം), സി.പി.ഐ., ജനതാദൾ, കേരള കോൺഗ്രസ്സ് (ജെ).

82 (82) കടകൾ തീവച്ച് നശിപ്പിച്ച സംഭവം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം-ഓച്ചിറ പ്രദേശത്തിൽപ്പെടുന്ന തെക്കിനാൽ ഭാഗത്ത് ഏപ്രിൽ 1-ന് രാത്രി മുസ്ലീം വിഭാഗത്തിൽപ്പെടുന്നവരുടെ മൂന്ന് കടകൾ തീവച്ച് നശിപ്പിച്ച സംഭവത്തിൽ കുറ്റവാളികളെ പിടികൂടിയിട്ടുണ്ടോ;

(ബി) തീ വച്ചവർ ആർ.എസ്.എസ്. ശിവസേനാ വിഭാഗത്തിൽ പെട്ടവരാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആരോപണം നിലനിൽക്കെ ഏപ്രിൽ 2-ാം തീയതി കായംകുളം സർക്കിൾ ഇൻസ്പെക്ടർ ഈ കടകൾക്ക് മുമ്പിൽ മൈക്ക് വച്ച് യോഗം നടത്താൻ ശിവസേനാ പ്രവർത്തകർക്ക് അനുവാദം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സർക്കിൾ ഇൻസ്പെക്ടർക്കെതിരെ സർക്കാർ നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)മുതൽ (ഡി)വരെ സംഭവത്തെത്തുടർന്ന് ഓച്ചിറ പോലീസ് സ്റ്റേഷനിൽ ക്രൈം 85/99 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 3.4.99-ന് ശിവസേനയുടെ പൊതുയോഗത്തിന് മൈക്ക് ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നു. പിന്നീട് അവിടെ സംഘർഷാവസ്ഥയുണ്ടാകുമെന്നറിഞ്ഞതിനാൽ മൈക്ക് ഉപയോഗിക്കുന്നതിനും യോഗത്തിനുമുള്ള അനുവാദം പിൻവലിച്ചിട്ടുള്ളതുമാണ്.

83 (83) പിടിച്ചുപറി

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പട്ടാപ്പകൽ ഭവനഭേദനവും, പെരുവഴിക്കൊള്ളയും, പിടിച്ചുപറിയും നടന്നിട്ടുണ്ട്;

(ബി) ഇവയുടെ ഫലമായി എന്ത് തുകയ്ക്കുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly